'ഭരണഭാഷ – മാതൃഭാഷ '

**No. DDP-WYD/701/2020-A2**

വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, നോർത്ത് കൽപ്പറ്റ പിഒ -673122
Email.ddpwayanad@gmail.com
ഫോൺ 04936-202634,202663, തീയതി : 26.02.2021

## നോട്ടീസ്

വിഷയം : - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - 2021 ലെ പൊതു സ്ഥലം മാറ്റം - അപേക്ഷകരുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : - 1) ജി.ഒ (പി) 3/2017/ഉഭപവ, തീയതി 25.02.2017
2) ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 21.12.2020 ലെ PAN/14725/2020-E1 (DP) നമ്പർ നോട്ടീസ്

സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്ഥലം മാറ്റ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പഞ്ചായത്ത് വകുപ്പിലെ വിവിധ തസ്തികകളിലെ 2021 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച് സൂചന (2) പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനും കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും സമയ വിവര പട്ടിക പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചിരുന്നു.

അപ്രകാരം ലഭിച്ച പൊതു സ്ഥലം മാറ്റത്തിനായുള്ള അപേക്ഷകൾ ക്രോഡീകരിച്ച് അപേക്ഷകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി ജില്ലക്കുള്ളിലെ വിവിധ തസ്തികകളിൽ സ്ഥലം മാറ്റം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച ജീവനക്കാരുടെ കരട് ലിസ്റ്റ് ഇതോടൊപ്പം ബന്ധപ്പെട്ട എല്ലാവരുടെയും അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നു. ഈ ലിസ്റ്റിന്മേൽ ആക്ഷേപമുള്ള പക്ഷം ടി വിവരം ഉചിതമാർഗ്ഗേന 10.03.2021 നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഈ ലിസ്റ്റ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ www.dop.lsg.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

(ഒപ്പ്)
പി. ജയരാജൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
വയനാട്

പകർപ്പ് :
1) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, വയനാട്
2) എല്ലാ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർമാർക്കും
3) എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5) കരുതൽ/അധികം

x
ഡി/26.02.2021